കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കായക്കൊടി പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/51/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@kerala.gov.in
ഫോൺ - 0495-2371012
തീയതി. 24.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കായക്കൊടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം - കായക്കൊടി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും, ഭാഗം 3-ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി 1 മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് - പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് –

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉ.പ.സ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/51/2017 തീയതി 24.01.2017

# കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 27.12.2016 മുതൽ 07.01.2017ാം തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പേര്, തസ്തിക | ശ്രീ.കെ. കെ.സതീഷ് കുമാർ, ഡപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2016 മുതൽ 07.01.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.എം.ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാർ പാലോളി . | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ഷിനിത്ത്.എ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.ടി നാണു | 01.04.2015മുതൽ31.10.2015വരെ |
| | കുമാരി .അശ്വതി.കെ.ടി | 01.11.2015 മുതൽ31.03.2016 വരെ |
| സെക്രട്ടറി | ശ്രീ,ഒ.പി.രാധാകൃഷ്ണൻ (അസിസെക്രട്ടറി-ചാർജ്ജ്) | 01.04.2015മുതൽ26.07.2016വരെ |
| | ശ്രീമതി. ലീല | 27.07.2016 മുതൽ04.02.2016വരെ |
| | ബാബു.ഒ (അസി സെക്രട്ടറി-ചാർജ്ജ്) | 05.02.2016മുതൽ31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജയകുമാർ. ജി | 01.04.15 മുതൽ 05.08.15വരെ |
| | ശ്രീ.രഘുനാഥൻ എം | 06.08.15 മുതൽ 21.11.15വരെ |
| | കാർത്തിക.പി | 01.01.16 മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീമതി.ദീപ | 01.04.15 മുതൽ 15.09.15 വരെ |
| | ശ്രീ.ശൈലേഷ് കുമാർ | 15.09.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.രചന.ആർ | |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഇബ്രായി | 01.06.15 മുതൽ 31.03.16 വരെ |
| | ശ്രീമതി.ഷാദിയ പി | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രഭാകരൻ | |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.പ്രേമ ഒ | 01.04.16 മുതൽ 21.03.162016 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച്. സി | ............................. | …... ........ മുതൽ .............. വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ദിവ്യ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അജി ആർ | 01.04.2015മുതൽ 31.03.2016വരെ |

## ഉള്ളടക്കം


| ക്രമ. നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം - 1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കേഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 |
| 13 | ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 2-3 |
| 14 | കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകൽ | 2-4 |
| 15 | സാംഖ്യ രസീതുകളുടെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല | 2-5 |

| | | |
|---|---|---|
| ഭാഗം -3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കാത്തതിനാൽ 750000/-രൂപ പഞ്ചായത്തിന് നഷ്ടം | 3-1 |
| 17 | കാലിത്തീറ്റ വിതരണം അപാകതകൾ | 3-2 |
| 18 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ - അർഹമായതിലും അധികം തുക ധനസഹായം നൽകി | 3-3 |
| 19 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം - കോളേജ് വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകി | 3-4 |
| 20 | മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു. | 3-5 |
| 21 | ടാറിംഗിന് അധിക നിരക്ക് നൽകി | 3-6 |
| 22 | ശിശു മന്ദിരം ടീച്ചർ, ആയ എന്നിവർക്ക് ശമ്പളം നൽകിയതിലെ അപാകത | 3-7 |
| 23 | കായക്കുന്ന് കോളനി റോഡ് കോൺക്രീറ്റിന് അധികം നിരക്ക് നൽകി | 3-8 |
| 24 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു | 3-9 |
| 25 | ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ - ക്വട്ടേഷൻ വിളിച്ചില്ല | 3-10 |
| 26 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3-11 |
| 27 | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി - 43 പേരുടെ ഭവന നിർമ്മാണം നാളിതുവരെയായും പൂർത്തിയായില്ല | 3-12 |
| 28 | റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചതിന് ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല | 3-13 |
| 29 | അഗതി ആശ്രയ സെക്കന്റ് പ്രൊജക്ടിൽ ഉൾപ്പെട്ടവർക്ക് നാളിതുവരെയും യാതൊരു സഹായവും നൽകിയില്ല | 3-14 |
| ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 16.07.2016ാം തിയതിയിലെ തീരുമാനപ്രകാരംഅംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | ... | ... |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | - | അനുബന്ധം -1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2,47,46,425.00

വരവ് - 2,93,55,851.00

ആകെ - 54,102,276

ചെലവ് - 4,10,33,786

നീക്കിയിരിപ്പ്- 1,30,68,490

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5549373 | - | 13879698 | 11568509 | (+)8330325<br>(-)2311189 | ഇല്ല |
| വികസനഫണ്ട് എസ്.സി.പി. | 700901 | 1181691 | 1882592 | 1181691 | (-)700901 | ഇല്ല |
| വികസനഫണ്ട് ടി.എസ്.പി. | - | 19005 | 19005 | 19005 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 1544422 | 484771 | 2029193 | 2029193 | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1466831 | - | 1466831 | 1466831 | - | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3484888 | 6835655 | 10320543 | 5953502 | (-)436704 | - |
| കെ.എൽ.ജി.എസ്.ഡി.പി | 3262383 | 1128736 | 4391119 | 1128736 | (-)3262383 | - |
| എം.എൻ.ആർ.ഇ.ജി.എസ്. | - | 24476661 | 24476661 | 24475148 | - | 1513 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 57446939 | 120 | 28699975 | 12 | 66 | 60.06 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2688322 | 2158209 | 530113 |
| നികുതിയേതര വരവുകൾ | 714730 | 6678962 | 5964232 |
| മറ്റുവരവുകൾ | 58846 | 164608 | -105762 |
| ആകെ | 3461898 | 9001779 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 514560 | 308 |
| കർഷകതൊഴിലാളി പെൻഷൻ | 7774200 | 1045 |
| വിധവാപെൻഷൻ | 7478400 | 714 |
| വാർദ്ധക്യകാലപെൻഷൻ | 6199200 | 715 |
| വികലാംഗപെൻഷൻ | 2564500 | 243 |
| അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 259200 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |
| ആകെ | 24940060 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.12.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 465/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.07.2016-3.07.2016 | 01.03.2016-31.05.2016 | 03.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2004-05 - 2008-09 | 26.08.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2015-16 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2 .കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക വാർഷിക കണക്കുമായിപൊരുത്തപ്പെടുന്നില്ല .

മേൽ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് നൽകിയ എൻക്വയറികൾക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **2-2** <u>തൊഴിൽനികുതി പിരിവിലെ അപാകതകൾ</u>

<u>1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ്</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2015-16 ലെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ പേര്, വിലാസം എന്നിവ രേഖപ്പെടുത്താത്തതിനാൽ ഡി.ആന്റ്.ഒ. ലൈസൻസ് രജിസ്റ്ററുമായി താരതമ്യം ചെയ്യുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ കഴിയില്ല.

<u>2)റിട്ടേൺ വാങ്ങാതെയുള്ള തൊഴിൽ നികുതി പിരിവ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഒരർദ്ധവർഷത്തേക്ക് തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായ കമ്പനിയോടോ ആളോടോ തുടർന്നുള്ള അർദ്ധവർഷത്തിൽ VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്. എന്നാൽ 2015-16 ലെ ഡി.ആൻറ്.ഒ. ലൈസൻസികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനു മേൽ ചട്ടപ്രകാരം നോട്ടീസ് നൽകിയിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേ ചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ സ്ഥാപനങ്ങളൊന്നും ഫോറം II ൽ റിട്ടേൺ നല്കിയിട്ടില്ല. ആയതിനാൽ ചട്ടപ്രകാരം നോട്ടീസ് നല്കി റിട്ടേൺ ലഭ്യമാക്കേണ്ടതും ആയതു പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

<u>3)സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ശുഭ ഹോമിയോ ക്ലിനിക് |
| 2 | സാന്ത്വനം അക്യുപങ്ചർ ക്ലിനിക് |

<u>4) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല</u>

വകുപ്പ് 204, ഉപവകുപ്പ് (1) ( എ )(i) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്, എന്നാൽ പഞ്ചായത്തിനുവേണ്ടി പ്രവൃത്തി നടത്തിയ താഴെ പറയുന്ന

കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെപേര് |
|---|---|
| 1 | ശ്രീ.കെ എൻ രഘുദാസൻ |
| 2 | ശ്രീ.സുമിത്രൻ .ഇ.കെ. |
| 3 | ശ്രീ.ഒ.പി.ബാലൻ |
| 4 | ശ്രീ.മൊയ്തുഹാജി.എം.കെ. |
| 5 | ശ്രീ.അബ്ദുൾ ലത്തീഫ് .ടി. |
| 6 | ശ്രീ.റഫീഖ് കെ.പി |
| 7 | ശ്രീ.സുരേഷ് കുരാറ |
| 8 | ശ്രീ.പ്രിൻസ് മാത്യു |

## 2-3 ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങളിലെ ചട്ടം 7പ്രകാരം ഈടാക്കുന്ന ലൈസൻസ് ഫീ പിരിവിലെ അപാകതകൾ:

1) അപൂർണ്ണമായ രജിസ്റ്റർ :

2015-16 ലെ ഡി.ആൻറ്.ഒ. ലൈസൻസ് ഫീ പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേരും വിലാസവും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിലെ ക്രമ നം. 105മുതൽ 127 വരെ എന്ത് കച്ചവടമാണെന്ന്പോലും രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ പേരോ മറ്റ് വിശദാംശങ്ങളോ രേഖപ്പെടുത്താത്തതിനാൽ തൊഴിൽനികുതി രജിസ്റ്ററുമായി താരതമ്യം ചെയ്യുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ കഴിയില്ല.

2) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റില്ല

2015-16 ൽ 127 സ്ഥാപനങ്ങളാണ് കച്ചവടങ്ങൾക്കും വ്യാപാരങ്ങൾക്കും വേണ്ടി ലൈസൻസ് എടുത്തിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഡി.ആന്റ്.ഒ. ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയില്ല .

3 ) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ

ഡി.ആൻറ്.ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, മുൻവർഷത്തെ ലൈസൻസ് നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. മേൽപ്പറഞ്ഞവയൊന്നും പരിഗണിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

ഉദാഹരണം-

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ശ്രീ.ജി.എസ്.അബ്ദുല്ല | പലചരക്ക് കച്ചവടം |
| 2 | പ്രസിഡണ്ട്, ഓർക്കിഡ് ആക്റ്റിവിറ്റി ഗ്രൂപ്പ് | പേപ്പർ കപ്പ് നിർമ്മാണം |
| 3 | ശ്രീ.അബ്ദുല്ലാ ഹാജി | സീബ് സൂപ്പർ മാർക്കറ്റ് |
| 4 | ശ്രീ.സജീഷ് പി.പി | ദോസ്ത് മെറ്റൽ ഇൻഡസ്ട്രീസ് |

4) കെട്ടിട നമ്പർ പരിശോധിക്കുന്നില്ല

അപേക്ഷകളിൽ കാണിച്ചിരിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് കച്ചവടം നടത്തുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

ഉദാ :

| ക്രമ നം | പേര് | സ്ഥാപനം | അപേക്ഷയിൽ കാണിച്ചിരിക്കുന്ന കെട്ടിട നമ്പർ , ഉടമ | ഓഫീസിലെ രേഖകൾ പ്രകാരമുള്ള ഉടമ |
|---|---|---|---|---|
| 1 | ശ്രീ.ഷബീർ അലി.വി.പി | പാലോളി സ്റ്റോൺ ക്രഷർ | ഷബീർ അലി വി പി4/3 | ശ്രീ.രാജൻ, ഉണിക്കണ്ട വീട്ടിൽ പാർപ്പിടാവശ്യം |
| 2 | ശ്രീ.കെ.കെ.സി.നാണ | കെ.കെ.സി.ബേക്കറി | മൊയ്തു മാസ്റ്റർ 8/355,356 | ശ്രീ.കുഞ്ഞിപറമ്പത്ത് അഷ്റഫ്8/355പാർപ്പിടാവശ്യം<br>ദേവി വലിയപറമ്പത്ത് 8/356പാർപ്പിടാവശ്യം |

## 2-4 കമ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകൽ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതു സംബന്ധിച്ച് ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. ഹാൾ വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുമ്പോൾ, ബുക്കിംഗ്, അഡ്വാൻസ് – സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കൽ, ഹാൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തുന്നില്ല.

രജിസ്റ്റർ സൂക്ഷിപ്പ്

ഹാൾ ബുക്ക് ചെയ്യുന്നതിനും, അഡ്വാൻസ്-സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിനും ഉപയോഗിക്കുന്ന രജിസ്റ്ററിൽ ബുക്ക് ചെയ്ത ആളുടെ പേരോ, മേൽവിലാസമോ ബുക്കിംഗ് തിയ്യതിയോ രേഖപ്പെടുത്തുന്നില്ല. ഹാൾ ഉപയോഗിച്ചവർ ഹാളിനോ മറ്റ് വസ്തുവകകൾക്കോ കേടുപാടുകൾ വരുത്താതെ തിരിച്ചേൽപ്പിച്ചത് സംബന്ധിച്ച വിവരങ്ങളോ ഇല്ല. താഴെപ്പറയുന്ന തിയ്യതികളിൽ ഹാൾ അനുവദിച്ചതിനു വാടക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ഹാൾ ബുക്ക് ചെയ്ത ആളുടെ പേര് | ആവശ്യം | തിയ്യതി |
|---|---|---|---|
| 1 | ശ്രീ.റിജേഷ് കുമാർ | വിവാഹം | 9.04.2015 |
| 2 | ശ്രീ.കെ.വാസു | കരിയർ ഗൈഡൻസ് ക്ലാസ് | 9.05.2015 |
| 3 | ശ്രീ.കെ.കെ.അനീഷ് | വിവാഹം | 9.09.2015 |
| 4 | കർഷക തൊഴിലാളി ക്ഷേമ നിധി | സിറ്റിംഗ് | 8.12.2015 മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. |

ഹാളിന്റെ വാടക കാലാനുസൃതമായി വർദ്ധിപ്പിച്ച്, ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

## 2-5 സാംഖ്യ രശീതികളുടെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല

സാംഖ്യ രശീതികൾ പ്രിൻറ് ചെയ്യുന്നതിനുള്ള സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റേഷനറിയുടെ മുന്നിരിപ്പ്,പുതുതായി സ്റ്റോക്കിലെടുത്ത സ്റ്റേഷനറി എന്നിവ കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല.26.04.2016 ന 3000 എണ്ണവും (2010001-2013000),01.11.2016 ന 9000എണ്ണവും(633001-642000) ചേർത്ത് 12000 എണ്ണമാണ് സ്റ്റോക്കിൽ കാണിച്ചിരിക്കുന്നത്. 01.04.2015 മുതൽ 26.12.2016 വരെ പ്രിൻറ് ചെയ്ത സ്റ്റേഷനറിയുടെ എണ്ണം സാംഖ്യ റിപ്പോർട്ട് പ്രകാരം 7273 ആണ്. സാംഖ്യയിൽനിന്നും ലഭിച്ച ക്യാൻസൽ രസീപ്റ്റ് റിപ്പോർട്ട് പ്രകാരം 283 രശീതികളാണ് ക്യാൻസൽ ചെയ്തതായി കാണുന്നത്(ക്യാൻസൽ ചെയ്ത രശീതികളാണോ, ക്യാൻസൽ ചെയ്ത സ്റ്റേഷനറികളാണോയെന്ന് വ്യക്തമല്ല).എന്നാൽ ഫിസിക്കൽ വെരിഫിക്കേഷനിൽ 1500 രശീതികളാണ് കണ്ടത്. സാംഖ്യ രശീതികളുടെ സ്റ്റോക്കിലെ പൊരുത്തക്കേട് സംബന്ധിച്ചും സ്റ്റോക്ക് രജിസ്റ്റർ പൂർത്തിയാക്കാത്തതും സംബന്ധിച്ചുംവിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കന്നുകുട്ടിപരിപാലന പദ്ധതി നടപ്പാക്കാത്തതിനാൽ 750000/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു.

2015-16 വർഷം സ്പിൽ ഓവർ പ്രോജക്ടായി DPC അംഗീകാരം ലഭിച്ച 118/16 പ്രോജക്ടിൽ മുൻവർഷം പഞ്ചായത്ത് ഫണ്ടായി വകയിരുത്തി ചെലവഴിച്ച 3,50,000/- രൂപ ( ബിൽനം-8/14-15 തീയതി 28.3.2015) കഴിച്ച് ബാക്കി തുകയായ സംസ്ഥാന വിഹിതം 3,50,000/- രൂപ ഗുണഭോക്തൃ വിഹിതം കർഷകർ നേരിട്ട് ചെലവഴിക്കുന്ന7,50,000/- രൂപ എന്നിവയാണ് പ്രോജക്ടിൽ വകയിരുത്തിയത്. പദ്ധതിക്കായി ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ പദ്ധതിക്കായി വകയിരുത്തിയ സ്റ്റേറ്റ് ഫണ്ട് ആവശ്യമില്ലെന്ന സെക്രട്ടറിയുടെ 31.03.2016 ലെ എ3-7100/16 നമ്പർ കത്ത് പ്രകാരം 2014-15 വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 60 കന്നുകുട്ടികൾക്കായി വകയിരുത്തിയതും നടപ്പിലാക്കാതെ കിടന്നതുമായ പഞ്ചായത്ത് വിഹിതം 3,75,000/-രൂപ 911 റിക്കവറീസ് ഓഫ് ഓവർപേമെന്റ് 3604-00-911-99 എന്ന ശീർഷകത്തിൽ സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ചലാൻ നമ്പർ 434 തീയ്യതി 07.06.2016 പ്രകാരം തിരിച്ചടച്ചതായി 16.08.2016 എ-46/2015 കത്ത് വഴി അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി, കോഴിക്കോട് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി നൽകാത്തതിനാൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട 7,50,000/-രൂപ (3,50,000/- പഞ്ചായത്ത് ഫണ്ട്, 3,50,000/- സംസ്ഥാന വിഹിതം) നഷ്ടപ്പെട്ടു. ആയത് പദ്ധതി ആസൂത്രണ, നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

### 3-2 കാലിതീറ്റ വിതരണം അപാകതകൾ

പ്രോജക്ട് നം-32/16
അടങ്കൽ -310000/- (210000/- വികസനഫണ്ട്, 100000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം )
ചെലവ് -156420/- ബിൽനം- 15/30-3-16

ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന 158 കർഷകർക്ക് ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ കാലിതീറ്റ വിതരണം ചെയ്യുന്നതിനായാണ് തൻവർഷം പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 7900 കിലോ കാലിതീറ്റയുടെ വിലയായി 1,56,420/- രൂപ കേരള ഫീഡ്സന്റെ ബിൽ നം-K.E.L/430 /99/2527/16 തീയ്യതി 28.03.2016 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ ചെലവഴിച്ചിട്ടുണ്ട്. കാലിതീറ്റ വിതരണം സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കാലിതീറ്റയുടെ കൃത്യമായ വിതരണ വിവരങ്ങൾ, കർഷകരുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവയില്ല. കൂടാതെ ലഭ്യമാക്കിയ രേഖകളിൽ ശ്രീമതി.മല്ലിക.പി.പി ക്ക് 4699 ലിറ്റർ പാൽ അളന്നതിന് 3/- രൂപ നിരക്കിൽ 14,097 രൂപ വിലവരുന്ന 711.96 കിലോ തീറ്റ അനുവദിച്ചതായി കാണുന്നു. കാലിതീറ്റ സബ്സിഡി പ്രകാരം ഒരു കർഷകന് അനുവദിക്കാവുന്ന പരമാവധി തീറ്റ സബ്സിഡി 10,000/-രൂപയാണ്. കൂടാതെ കാലിതീറ്റ സബ്സിഡി നൽകലിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,00,000/- രൂപ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് ലഭിച്ചിട്ടില്ല. ഇതേ വർഷം തന്നെ സ്പിൽ ഓവർ പ്രോജക്ടായി അംഗീകാരം ലഭിച്ച കാലിതീറ്റ വിതരണത്തിനായുള്ള 119/16 പ്രോജക്ടിൽ 2,10,845/-രൂപ (10,845-ധനകാര്യകമ്മീഷൻ ഗ്രാന്റ്, 2,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടിൽ ചെലവില്ല. ഇതിൽ നിന്നും പഞ്ചായത്തിൽ എത്രപേർ പശുവളർത്തലിൽ ഏർപ്പെട്ടിട്ടുണ്ടെന്നോ, എത്ര പശുക്കൾ ഉണ്ടെന്നോ, എത്ര ഉൽപ്പാദനം ഉണ്ടെന്നോ ഉള്ള അടിസ്ഥാന വിവരങ്ങൾ ഇല്ലാതെയാണ് മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ തയ്യാറാക്കിയതെന്ന കാണുന്നു. ഇതുകാരണമാണ് വകയിരുത്തിയ തുകകൾ ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നതിനിടയാക്കുന്നതെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് ചെലവ് തുക വ്യക്തമായ കാലിതീറ്റ വിതരണ രേഖകളുടെ അഭാവത്തിൽ (1,56,420/-)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നല്കൽ -അർഹമായതിലും അധികം തുക ധനസഹായം നൽകി

പ്രോജക്റ്റ്നം-19/16
അടങ്കൽ -43000 (ടി.എസ്.പി) ,4510 (തനത് ഫണ്ട്)
ചെലവ് -19005/-

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട് വിദ്യാർത്ഥികൾക്ക് മേശ, കസേര, അലമാര എന്നിവ വിതരണം ചെയ്യുന്നതിനായാണ് തൻ വർഷം പ്രോജക്റ്റ് തയ്യാറാക്കിയത്. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി കാഡ്കോയിൽ നിന്നും ഇൻവോയ്സ് നം 417/ തീയ്യതി 10.03.2016 പ്രകാരം താഴെ പറയും പ്രകാരം ഫർണ്ണിച്ചറുകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ വാങ്ങിച്ചിട്ടുണ്ട്.

| ഫർണിച്ചർ | എണ്ണം | വില |
|---|---|---|
| മേശ | 2 | 6483 |
| കസേര | 2 | 1128 |
| അലമാര | 2 | 11194 |
| ആകെ | | 19005 |

പ്രസ്തുത ഫർണിച്ചറുകൾ ശ്രീ.നന്ദകുമാർ, S/O ഷാജി, കണയംകോട് (കായക്കൊടി ഹൈസ്കൂൾ, എട്ടാംതരം), അർച്ചന D/O ബീന പുത്തൻപുരയിൽ (എ.എം.യു.പി കായക്കൊടി) എന്നീ വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ(എം.എസ്) നമ്പർ 362/2013 /ത.സ്വ.ഭ.വ തീയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 6-8-3 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനൽകാവുന്നതും ഇതിന് നൽകാവുന്ന നൽകാവുന്ന പരമാവധി ധനസഹായം 4,000/-രൂപയുമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മേശ, കസേര എന്നിവയ്ക്ക് പുറമെ 4,888/- രൂപ വില വരുന്ന അലമാര കൂടി പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി രണ്ട് ഗുണഭോക്താക്കൾക്കുമായി 9,776/- രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ചെലവ് തുക 19005/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം -ഹൈസ്കൂൾ,കോളേജ് വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകി.

പ്രോജക്റ്റ്-34/16
അടങ്കൽ-1,00,000/-( എസ്.സി.പി)
ചെലവ് - 99,987 (ബിൽ നം-5 തീയ്യതി 15-3-16)

പ്രോജക്റ്റ് നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ കാഡ്കോയിൽ നിന്നും 10-3-16 ലെ ഇൻവോയ്സ് നം-416 പ്രകാരം 25 സ്റ്റീൽ മേശകളും, ഫൈബർ കസേരകളും വാങ്ങി പഞ്ചായത്തിലെ 25 പട്ടികജാതി വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. മേൽ ഗുണഭോക്താക്കളിൽ 5 പേർ കോളേജ് വിദ്യാർത്ഥികളാണ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഗുണഭോക്താവിന്റെ പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | അരുൺ.കെ.ജി | ഗുരുവായൂരപ്പൻ കോളേജ് |
| 2 | മഞ്ജുഷ തയ്യിൽ | ഗവ.കോളേജ് മൊകേരി |
| 3 | അനശ്രീ.തയ്യുള്ളതിൽ | ഗവ.കോളേജ് മടപ്പള്ളി |
| 4 | ചിപ്പി.കെ | ഗവ.കോളേജ് മൊകേരി |
| 5 | ഷിബിൻ.ഒ.പി | ഗവ.പോളിടെക്നിക്ക് |

സ.ഉ(എം.എസ്) നമ്പർ 362/2013 /ത.സ്വ.ഭ.വ തീയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ഉന്നതവിദ്യാഭ്യാസം തേടുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ധനസഹായം നൽകാൻ കഴിയുന്ന മറ്റ് പദ്ധതികൾ രൂപീകരിക്കാമെന്നിരിക്കെയാണ് മേൽ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകിയിരിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 99,987/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു

നിർവ്വഹണം :അസിസ്റ്റന്റ് എഞ്ചിനീയർ

തൻവർഷം 125മരാമത്ത് പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 7 എണ്ണത്തിന് പണം ചെലവഴിച്ചതായും 50പ്രൊജക്ടുകൾഉപേക്ഷിച്ചതായും കാണുന്നു. വകയിരുത്തിയ തുകയുടെ 43% മാത്രമാണ് ചെലവഴിച്ചത്. താരതമ്യേന ചെറിയ പഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസി. എഞ്ചിനീയറും (താൽക്കാലിക നിയമനം) രണ്ട് ഓവർസീയറുമാണുള്ളത്. ക്ലറിക്കൽ സ്റ്റാഫില്ല. നിലവിലുള്ള സ്റ്റാഫിനെ ഉപയോഗിച്ച് ഇത്രയധികം പ്രൊജക്ടുകൾക്ക് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കലും അളവെടുക്കലും ബില്ല് തയ്യാറാക്കലും വിഷമകരമാണ്. അതേ സമയം ഭാഗികമായ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കിയതായും കാണുന്നു. ജി.ഒ.(എം.എസ്) 362/2013ത.സ്വ.ഭ.വ. തീ.16/11/2013 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. എന്നാൽ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഭാഗികമായ പ്രൊജക്ടുകൾ നടപ്പാക്കിയതായും വാർഡ് അടിസ്ഥാനത്തിൽ ചെറിയ ചെയിനേജുകളിലുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം , പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 50/15-16, പുന്നത്തോട്ടം അംഗൻവാടി റോഡ് സോളിംഗ്. | ശ്രീ.രഘുദാസൻ കെ.എൻ. | 300000 | സോളിംഗിന് മാത്രമായി പ്രൊജക്ട് തയ്യാറാക്കി. |
| 2 | 46/15-16,കരിങ്ങാട് മുണ്ടേ്യാട് റോഡ് | | 200000 | സോളിംഗിന് മാത്രമായി പ്രൊജക്ട് തയ്യാറാക്കി. |
| 3 | 58/15-16, തളിയിൽതാഴെ എടച്ചേരികണ്ടി റോഡ് ടാറിംഗ് | മൊയ്തുഹാജി | 134171 | 69 മീറ്റർ നീളമുള്ള റോഡ് |

നീക്കിയിരിപ്പ് തുക 2015-16 വർഷാവസാനം ലാപ്സായിരിക്കുന്നതിനാലും, നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാലും ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതി ചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-6 ടാറിംഗിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 41,000/- രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയുമാണ് വിവിധ പ്രവൃത്തികൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 ത.സ്വ.ഭ.വ.

തീയതി.18.03.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 41,000/- രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ്ഇൻഡക്സ് അനുവദിച്ചതായി കാണുന്നു. ഇതുവഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്,നം, എഗ്രിമെന്റ് തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി, എസ്റ്റിമേറ്റ് | മൂല്യനിർണയം ചെയ്ത തുക , അളവു പുസ്തകം, അവസാന ബിൽ തുക | ചെയ്ത പ്രവൃത്തി(ഇനം), ആവശ്യമായ ടാർ | നൽകിയ തുക(കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) | നൽകാവുന്നത് | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 1 | നരിക്കുട്ടംചാൽ പുള്ളിനോട്ട് ക്ഷേത്രം റോഡ്ടാറിംഗ്, 81/15-16, 21/1/16, 27/6/15, 300000 | 235171, 171/15-16, 235171 (ബിൽ നം. 81/15-16തീ.31 /3/16) | ടാക്ക്കോട്ട് 247.5കി.ഗ്രാം (ഇനം6) 330ച.മീ*. 75കി.ഗ്രാം/ച.മീ.<br>ചിപ്പിംഗ്കാർപ്പറ്റ് 475.2കി.ഗ്രാം (ഇനം.7) 330ച.മീ*. 144ടൺ/100ച.മീ.<br>സീൽകോട്ട് 323.4കിഗ്രാം (ഇനം8) 330ച.മീ* 98കി.ഗ്രാം/100ച.മീ. | 1046.10 കി.ഗ്രാം* 41*1.3524 =58005 | 1046.10* 41 = 42890 | 15115 |
| 2 | ദേവർകോവിൽപാലം അമ്പലംമുക്ക് റോഡ്, 56/15-16, 21/1/16, 27/6/15, 500000 | 499532, 125/15-16, 393815 (ബിൽ നം. 34/15-16തീ.17 /3/16) | ടാക്ക്കോട്ട് 348.75 കി.ഗ്രാം (ഇനം8) 465ച.മീ*. 75കി.ഗ്രാം/ച.മീ.<br>ചിപ്പിംഗ്കാർപ്പറ്റ് 669.60കി.ഗ്രാം (ഇനം.9) 465ച.മീ*. 144ടൺ/100ച.മീ.<br>സീൽകോട്ട് 455.7കിഗ്രാം (ഇനം10) 465ച.മീ* 98കി.ഗ്രാം/100ച.മീ. | 1474 കി.ഗ്രാം*41* 1.3524 = 81731 | 1474കി.ഗ്രാം*41 = 60434 | 21297 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പാറക്കൽതാഴെ നാവോട്ട്കുന്ന് റോഡ് ടാറിംഗ്, 135/15-16, 4/3/16, 25/2/16, 490000 | 483739, 250/15-16, 483739 (ബിൽ നം. 60/15-16 തീ.28/3/16 | ടാക്ക്കോട്ട് 532.50കി.ഗ്രാം (ഇനം6)710ച.മീ*. 75കി.ഗ്രാം/ച.മീ.<br>ചിപ്പിംഗ്കാർപ്പറ്റ് 1022.40കി.ഗ്രാം (ഇനം.7) 710ച.മീ*. 144ടൺ/100ച.മീ.<br>സീൽകോട്ട് 695.80കിഗ്രാം(ഇനം8) 710ച.മീ*98കി.ഗ്രാം /100ച.മീ. | 2250.70 കി.ഗ്രാം*41* 1.3524= 124798 | 2250.70കി.ഗ്രാം*41 = 92279 | 32519 |
| ആകെ അധികം നൽകിയത് = 68931രൂപ | | | | | | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ശിശുമന്ദിരം ടീച്ചർ,ആയ എന്നിവർക്ക് ശമ്പളം നൽകിയതിലെ അപാകത

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.08.2016 ലെ ഓഫീസ് ഉത്തരവ് പരിശോധിച്ചതിൽ ഫ്രണ്ട് ഓഫീസിൽ സീനിയർ ക്ലർക്ക് ശ്രീ. ഷിജുവിന്റെ സഹായിയായി ശിശുമന്ദിരം ടീച്ചർ ശ്രീമ.ചന്ദ്രി വി.സി യെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഇത സംബന്ധിച്ച് പഞ്ചായത്ത് അധികൃതരുമായി സംസാരിച്ചതിൽ, കട്ടികളില്ലാത്തതുകാരണം ശിശുമന്ദിരം പൂട്ടിയതായും പാർട്ട്ടൈംടീച്ചർ, ആയ എന്നിവരെ ഗ്രാമപഞ്ചായത്തിലെ വിവിധ ജോലികൾ ചെയ്യുന്നതിന് നിയമിച്ചതായും അറിയിച്ചിട്ടുണ്ട്. ഇവർക്ക് ശമ്പളം നൽകിയതിന്റെ ഒരുദാഹരണം താഴെ കൊടുത്തിരിക്കുന്നു.

| പേര് | തസ്തിക | 12/16 ൽ നൽകിയ ശമ്പളം |
|---|---|---|
| ചന്ദ്രി വി.സി. | പാർട്ട്ടൈംടീച്ചർ | 13690 |
| ദേവി പി. | ആയ | 12361 |

മേൽപ്പറഞ്ഞ ജീവനക്കാരെ പഞ്ചായത്തിലെ ജോലികൾക്ക് നിയമിച്ചതിനും ഹോണറേറിയം നൽകിയതിനും സർക്കാർ അനുമതി വാങ്ങിയിട്ടില്ല. പഞ്ചായത്ത് ഇത സംബന്ധിച്ച് തീരുമാനമെടുത്തതായും കാണുന്നില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-8 കായക്കുന്ന് കോളനി റോഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ. മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഇതിന് കരാറുകാരന് ഒരു ഘനമീറ്ററിന് 7953.46 രൂപയുമാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോസ്റ്റ് ഇൻഡക്സ് ആയ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ. കോഡ് 4.1.3 പകരം 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരം താഴെ കാണിച്ച നിരക്കുകളാണ്

അനുവദിക്കേണ്ടിയിരുന്നത്.

| | | | |
|---|---|---|---|
| 20 മി.മീ. മെറ്റൽ | 0.670 | 1175 | 787.25 |
| 10 മി.മീ.മെറ്റൽ | 0.220 | 1175 | 258.50 |
| കടത്ത് | 0.890 | 106.49 | 94.78 |
| മണൽ | 0.445 | 1200 | 534.00 |
| കടത്ത് | 0.445 | 106.49 | 47.39 |
| സിമന്റ് | 0.320 | 6300 | 2016.00 |
| കടത്ത് | 0.320 | 94.65 | 3029.00 |
| ലേബർ | | | |
| മേസൺ | 0.1 | 419 | 41.70 |
| ബെൻഡർ | 1.63 | 329 | 536.27 |
| ബിസ്തി | 0.70 | 363 | 254.10 |
| കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |
| വൈബ്രേറ്റർ | 0.07 | 350 | 24.50 |
| മറ്റ് ചെലവുകൾ | 14.30 | 1.78 | 25.45 |
| ആകെ | | | 4706.23 |
| വാട്ടർ ചാർജ്ജ് 1% | | | 47.06 |
| ആകെ | | | 4753.29 |
| 10 %ലാഭവിഹിതം + 5% ഓവർഹെഡ് ചാർജ് | | | 712.99 |
| ആകെ | | | 5466.28 |

കരാറുകാർക്ക് നൽകാവുന്ന നിരക്ക് : 5466.28*1.381= 7549/ഘന.മീ.

| പ്രൊജക്റ്റ് നം, പ്രവൃത്തിയുടെ പേര് എസ്റ്റിമേറ്റ് | കരാറുകാരൻ, കരാർ തിയ്യതി, സാങ്കേതികാനുമതിലഭിച്ച തിയ്യതി, എം.ബുക്ക്, അവസാന ബിൽതുക | 20എം.എം. മെറ്റലുപയോഗിച്ച്1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന് നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 62/15-16, കായക്കുന്ന്കോളനി കോൺക്രീറ്റിംഗ്, 150000 | മൊയ്തുഹാജി, 21/1/16, 29/2/16, 238/15-16, 148651(ബിൽ നം.72/15-16തീ.31/3/16) | 83511 (10.5ഘന.മീ.* 7953.46/ഘന.മീ.) | 79265 (10.5ഘന.മീ.* 7549/ഘന.മീ.) | 4246 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ 4,246 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-9 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു

ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ.09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ,സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28 /11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾക്കുപയോഗിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ

കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, നം | എസ്റ്റിമേറ്റ്, കരാറുകാരന് | ചെയ്ത പ്രവൃത്തികൾ |
|---|---|---|---|
| 1 | 86/15-16, ചാമക്കാലിൽമുക്ക് അനശ്വര പള്ളി പെരുമ്പുറം റോഡ് | 250000, റഫീഖ് കെ.പി. | 353.83 ച.മീ.ടാറിംഗ് |
| 2 | 81/15-16, നരിക്കൂട്ടുംചാൽ പുള്ളിനോട്ട് ക്ഷേത്രം റോഡ്ടാറിംഗ്, | 300000 ഇ.കെ.സുമിത്രൻ | 330 ച.മീ.ടാറിംഗ് |

റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തിയതിനു ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്ത ശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഭരണസമിതി ഇങ്ങനെ തീരുമാനമെടുത്തിട്ടില്ല ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-10 ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ-ക്വട്ടേഷൻ വിളിച്ചില്ല

പ്രോജക്ട് നം-120/16

അടങ്കൽ -50000/- വികസനഫണ്ട്.

ചെലവ് - 50000/-( ബിൽ നം-1/19-8-15)

പഞ്ചായത്ത് പരിധിയിലെ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായാണ് തൻവർഷം പോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ട് നടത്തിപ്പിനായി നാഷണൽ ബുക്ക് സ്റ്റാൾ കോഴിക്കോടിൽ നിന്നും ബിൽ നം-19/25.03.2015 പ്രകാരം 50,000/- രൂപ വില വരുന്ന 471 പുസ്തകങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ(പി) 259/2010 ത.സ്വ.ഭ.വ 8-11-2010 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം 5,000 രൂപയ്ക്കുമുകളിൽ 50,000/- രൂപയ്ക്ക് താഴെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും കുറഞ്ഞത് മൂന്ന് ക്വട്ടേഷൻ സ്വീകരിക്കേണ്ടതും ഇതിനുള്ള അറിയിപ്പ് നോട്ടീസ് ബോർഡിൽ പതിക്കുകയും വെബ്സൈറ്റിൽ ലഭ്യമാക്കുകയും ക്വട്ടേഷൻ സമർപ്പിക്കുന്നതിന് 7 ദിവസം നൽകുകയും വേണം. എന്നാൽ മേൽ നടപടികളൊന്നും പാലിക്കാതെയാണ് നാഷണൽ ബുക്ക്സ്റ്റാളിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത്.
2. വാങ്ങിയ പുസ്തകങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച് ലൈബ്രറികളുടെ കൈപ്പറ്റ് രസീതി ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് ചെലവ് തുക 50000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് – 39/16

അടങ്കൽ -3,00,000/- (2,00,000/- വികസന ഫണ്ട്, 50,000, ബ്ലോക്ക് പഞ്ചായത്ത്, 50,000 ജില്ലാപഞ്ചായത്ത്)

ചെലവ് – 1,21,200/- വികസന ഫണ്ട് (ബിൽ നം -8/22.3.2016)

സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ പ്രോജക്ടിൽ തൻവർഷം പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 2,00,000/- രൂപയിൽ 1,21,200/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വാർഷി ക കണക്ക് പ്രകാരം ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതമായി തുകയൊന്നും തൻവർഷം ലഭിച്ചിട്ടില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയായ 50,000/- രൂപ തൻവർഷം സി.ഡി.പി.ഒ നേരിട്ട് ചെലവഴിച്ചതായി ഐ.സി.ഡി.എസ്.സൂപ്പർ വൈസർ അറിയിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നമ്പർ 362/2013 /ത.സ്വ.ഭ.വ തീയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ 11.13(viii) പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളികളാവുന്ന നിർവ്വഹണ ചുമതലയില്ലാത്ത തദ്ദേശ ഭരണ സ്ഥാപനം, നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് തുക കൈമാറുകയാണ് ചെയ്യേണ്ടത്. കൈമാറുന്ന തുക, കൈമാറുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചെലവായി കണക്കാക്കുകയില്ല , പകരം ആ തദ്ദേശഭരണ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും, കൈമാറുന്ന അത്രയും തുക, കുറവ് വന്നതായി കണക്കാക്കുകയാണ് ചെയ്യുക. കൈപ്പറ്റിയ തദ്ദേശഭരണ സ്ഥാപനം കൈപ്പറ്റിയ തുക ആ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വരുമാനമായി കണക്കാക്കി ചെലവഴിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് തൻവർഷം പ്രോജക്ട് നടപ്പിലാക്കിയത്. കൂടാതെ പ്രോജക്ടിനായി വകയിരുത്തിയ ജില്ല പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും വിനിയോഗിക്കാതെ തുക അവശേഷിക്കെ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തൻവർഷം ലഭിക്കേണ്ട അർഹമായ ധനസഹായം നഷ്ടപ്പെടുന്നതിനുമിടയാക്കി. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി- 43 പേരുടെ ഭവനനിർമ്മാണം നാളിതുവരെയായും പൂർത്തിയായില്ല

ഇ.എം.എസ്. ഭവന പദ്ധതി രജിസ്റ്റർ പ്രകാരം 2009-10 വർഷം മുതൽ നാളിതുവരെയായി 305 ഗുണഭോക്താക്കൾക്ക് 75,000/-രൂപ നിരക്കിൽ പഞ്ചായത്ത് ഭവനനിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. ഇവരിൽ താഴെ പറയുന്നവർ നാളിതു വരെയായും ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ നൽകിയ തുക/തീയ്യതി. | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ചന്ദ്രി പൂളക്കണ്ടി | 22500 /21-2-10<br>30000/22-7-10 | ചുവർ നിർമ്മിച്ചു |
| 2 | ശോഭ അരിമ്പേമ്മൽ | 22500/7-5-10<br>30000/26-11-10 | ചുമർ പൂർത്തിയായി |
| 3 | മാതു പാറയുള്ളപറമ്പത്ത് | 22500/7-5-10<br>30000/21-7-10 | ചുമർ പൂർത്തിയായി |
| 4 | മന്ദി കരുവന്തോടിത്തറ | 22500/2-5-10<br>30000/25-9-10 | ഓലമോഞ്ഞു താമസിച്ചു |
| 5 | നാണു നീലിയംകാട്ടുമ്മൽ | 22500/7-5-10<br>30000/17-8-10 | സ്ഥലംമാറിപോയി |
| 6 | ലീല ചന്തംകുഴിക്കൽ | 22500/7-5-10<br>30000/25-11-10<br>15000/30-1-13 | മേൽക്കൂര പൂർത്തിയായി |

| | | | |
|---|---|---|---|
| 7 | സദാനന്ദൻ കരയംപൊയിൽ | 22500/7-5-10 | ചുവർനിർമ്മിച്ചു |
| 8 | ജാനു.കെ.വി ചങ്ങരംകണ്ടി | 22500/7-5-10<br>30000/26-9-11<br>15000/1-12-11 | മേൽക്കൂരനിർമ്മിച്ചു |
| 9 | കുമാരൻ ചിറയിൽപരപ്പിൽ | 22500/8-5-10<br>37500/20-4-15 | പണി പൂർത്തീകരിച്ചു |
| 10 | ശങ്കരൻ പാറയുള്ളപറമ്പത്ത് | 22500/7-5-10<br>30000/2-8-10 | ചുമർ പൂർത്തിയായി |
| 11 | മാത വെണ്ടേക്കാട്ടുചാലിൽ | 22500/7-5-10<br>30000/27-7-10 | ചുമർ പൂർത്തിയായി |
| 12 | രാഘവൻ കമ്പനിപറമ്പത്ത് | 22500/7-5-10<br>30000/21-7-10<br>15000/27-7-12 | മേല്ക്കൂര പൂർത്തിയായി |
| 13 | രഞ്ജിത്ത് ഇരളാവുമ്മൽ | 22500/7-5-10<br>30000/16-9-10<br>15000/6-2-12 | മേൽക്കൂര പൂർത്തിയായി |
| 14 | ഗിരീഷ് ആയനികുന്നമ്മൽ | 22500/7-5-10<br>30000/27-7-10 | ചുവർ പൂർത്തിയായി |
| 15 | അശോകൻ മാമ്പൊയിൽ മീത്തൽ | 22500/7-5-10<br>30000/6-1-11 | ചുവർ പൂർത്തിയായി |
| 16 | പൊക്കൻ ഇരളാവുമ്മൽ | 22500/7-5-10<br>30000/14-5-12 | ചുമർ പൂർത്തിയായി |
| 17 | കുമാരൻ പീടികയുള്ളപറമ്പചത്ത് | 22500/7-5-10<br>30000/15-9-10<br>15000/20-4-12 | മേൽക്കൂര പൂർത്തിയായി |
| 18 | ചിരുത കണയംങ്കോട്ട് | 22500/7-5-10<br>30000/15-9-10 | ചുമർ പൂർത്തിയായി |
| 19 | കണാരൻ കമ്മനോൽ | 22500/7-5-10<br>30000/1-12-11 | ചുമർ പൂർത്തിയായി |
| 20 | ദേവി കോട്ടേമ്മൽ | 22500/<br>30000/17-8-10 | ചുമർ പൂർത്തിയായി |

| | | | |
|---|---|---|---|
| 21 | ദാമു മണക്കാട്ട് പൊയിൽ | 22500/7-5-10<br>30000/7-12-10 | ഓലമേഞ്ഞുതാമസിച്ചു |
| 22 | ആയിഷ നടുക്കണ്ടിയിൽ | 22500/11-11-10<br>30000/31-3-14 | പണി പൂർത്തീകരിച്ചു |
| 23 | ഭാസ്കരൻ വട്ടക്കണ്ടിയിൽ | 22500/8-5-10<br>30000/20-1-11 | ചുമർ പൂർത്തിയായി |
| 24 | മാണി മാമ്പൊയിൽ | 22500/8-5-10<br>30000/12-8-10 | ചുമർ പൂർത്തിയായി |
| 25 | മാണിക്കം കമ്മനേമ്മൽ | 22500/7-5-10<br>30000/11-11-10 | ചുമർ പൂർത്തിയായി |
| 26 | ചന്ദ്രൻ നടുക്കാപ്പുമ്മൽ | 22500/8-5-10 | തറനിർമ്മിച്ചു |
| 27 | ചിരുത മണക്കാട്ട്പൊയിൽ | 22500/8-5-10<br>30000/11-11-10<br>15000/13-9-11 | മേൽക്കൂര പൂർത്തിയായി |
| 28 | ജാനു മാവിലപ്പാടിതാമസിക്കും പൊയിലുംപറമ്പത്ത് | 22500/8-5-10<br>30000/27-12-10 | ചുമർ പൂർത്തിയായി |
| 29 | ചാത്തു കൈതക്കൊല്ലിയിൽ | 22500/8-5-10 | തറനിർമ്മാണം പൂർത്തിയായി |
| 30 | ചന്ദ്രി കൊല്ലറോത്ത് | 22500/8-5-10<br>30000/9-12-10 | ചുമർ പൂർത്തിയായി |
| 31 | രാജൻ പൂളക്കണ്ടി | 22500/8-5-10 | തറനിർമ്മാണം പൂർത്തിയായി |
| 32 | ചന്ദ്രി കുന്നോത്ത്കുന്നുമ്മൽ | 22500/7-5-10<br>30000/11-8-10 | ചുമർ പൂർത്തിയായി |
| 33 | വടക്കേകയ്യാലിപൊയിൽ | 22500/19-7-10 | തറനിർമ്മാണം പൂർത്തിയാക്കി |
| 34 | ശശോധ ഗുരിക്കൽപറമ്പത്ത് | 22500/7-5-10<br>30000/5-3-11 | ചുമർ പൂർത്തിയായി |
| 35 | സുനിൽ നാവോട്ട്കുന്നുമ്മൽ | 22500/7-5-10<br>30000/15-9-10 | ചുമർ പൂർത്തിയായി |
| 36 | അനിൽ കായലുള്ളപറമ്പത്ത് | 22500/7-5-10 | തറനിർമ്മാണം പൂർത്തിയാക്കി |

| | | | |
|---|---|---|---|
| 37 | മാണി.ടി. തയ്യുള്ളതിൽ | 22500/<br>30000/1-3-11 | ചുമർ പൂർത്തിയായി |
| 38 | കൃഷ്ണൻ.കെ.ടി കണയങ്കോട്ട്താമസിക്കും | 22500/23-7-10<br>30000/5-3-11 | ചുമർ പൂർത്തിയായി |
| 39 | അശോകൻ നീലിയംങ്കാട്ടുമ്മൽതാമസിക്കും കരുവൻതോടിത്തറ | 22500/26-7-10<br>30000/1-12-11 | മേൽക്കൂര പൂർത്തിയായി |
| 40 | കല്ല്യാണി വെണ്ടക്കോട്ടുചാലിൽ താമസിക്കും മൗവ്വഞ്ചേരി | 22500/26-7-10<br>30000/2-11-11 | ചുമർ പൂർത്തിയായി |
| 41 | മാതു പൂളക്കണ്ടി | 22500/2-4-11<br>30000/9-12-11 | ഭവനനിർമ്മാണം പൂർത്തിയായി |
| 42 | രാജീവൻ കായലുള്ളപറമ്പത്ത് | 22500/23-12-11<br>30000/21-2-12 | ചുമർ പൂർത്തിയായി |
| 43 | സുരേഷ് ചന്തംകുഴിക്കൽ | 22500/13-1-12<br>30000/13-2-12<br>15000/31-7-14 | മേൽക്കൂര പൂർത്തിയാക്കി |

മേൽ ലിസ്റ്റിൽ 5 പേർ തറ നിർമ്മാണം മാത്രം പൂർത്തിയാക്കിയ നിലയിലും, 24 പേർ ചുവർ നിർമ്മാണം പൂർത്തിയാക്കിയ നിലയിലും, 2 പേർ ഓലമേഞ്ഞ് താമസിക്കുകയും ബാക്കിയുള്ളവർ മേൽക്കൂര പൂർത്തിയാക്കിയ നിലയിലുമാണ്. ഓഡിറ്റ് വർഷം ഇ.എം.എസ് ലോൺ തിരിച്ചടവിനായി 26,86,595/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നിരിക്കെ 2009-10 മുതൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പ്രോജക്ടിൽ 43 പേർ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-13 റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചതിന് ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല

നിർവ്വഹണം : അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മി. വരെയുള്ള വിവിധ കനങ്ങളിൽ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട് . ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, നം | കരാറുകാരൻ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പട്ടർകുളങ്ങര പൊയിൽമുക്ക് കോട്ടൂർ റോഡ്, 73/15-16 | ഒ.പി.ബാലൻ | 1,50,000 | 42.93ഘന.മീറ്റർ ക്വാറിമക്ക്ഫില്ലിംഗിന് 52548 രൂപ ചെലവഴിച്ചു. |

| | | | | |
|---|---|---|---|---|
| 2 | വടക്കാളിൽ താഴെ റോഡ്, 55/15-16 | അബ്ദുൽ ലത്തീഫ് ടി. | 1,99,168 | 33.8 ഘന.മീറ്റർ ക്വാറിമക്ക് ഫില്ലിംഗിന് 41372 രൂപ ചെലവഴിച്ചു.`` |
| 3 | കിളിയാംവാഴ പിലാത്തിമുക്ക് റോഡ്, 87/15-16 | റഫീഖ് കെ.പി. | 1,00,000 | 42.52 ഘനമീറ്റർ ക്വാറിമക്ക് ഫില്ലിംഗിന് 52046 രൂപ ചെലവഴിച്ചു. |

റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 26.9.16 ന് 718974/estt.D4/16/Fin നമ്പർ കത്തു പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി(ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നല്കിയ ക്ലാരിഫിക്കേഷനിൽ, നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനും,സബ് ഗ്രേഡിന്റെ CBR വാല്യൂ മെച്ചപ്പെടുത്താനും ക്വാറി മക്ക് ഉപയോഗപ്പെടുത്താമെന്നും, എന്നാൽ സബ് ബേസിന്റെ CBR വാല്യൂ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും, ക്വാറി മക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു.എന്നാൽ ഇത്തരം യാതൊരു ഡാറ്റയും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും അനാവശ്യ ചെലവു വരുമെന്നതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 അഗതി ആശ്രയ സെക്കന്റ് പ്രോജക്ടിൽ ഉൾപ്പെട്ടവർക്ക് നാളിതുവരെയായും യാതൊരു സഹായവും നൽകിയില്ല

പഞ്ചായത്ത് അഗതി ആശ്രയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സെക്കന്റ് പ്രോജക്ട് തയ്യാറാക്കുകയും ആയതിന് ഭരണ സമിതി 22-2-2014 ലെ തീരുമാനം നം 88/13-14 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ നാളിതുവരെയായും പ്രസ്തുത ലിസ്റ്റിൽപെട്ടവർക്ക് സഹായങ്ങൾ നൽകിയിട്ടില്ല. കൂടാതെ മേൽ പ്രോജക്ടിന് കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ അംഗീകാരം ലഭിച്ചതിന്റെ വിവങ്ങൾ ലഭ്യമല്ല. കുടുംബശ്രീ ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് രൂപീകരിച്ച ഒന്നും രണ്ടും പ്രോജക്ട് പ്രകാരമുള്ള അഗതി ആശ്രയ ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 1 st പ്രോജക്ട് | 2 nd പ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 48 | 71 |
| പ്രോജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 27 | 6 |
| നാളിതുവരെ ലഭിച്ചവർ | 11 | - |
| വീട് ആവശ്യമുള്ളവർ | 45 | 23 |
| നാളിതുവരെ ലഭിച്ചവർ | 32 | - |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 3 | 6 |
| നാളിതുവരെ ലഭിച്ചവർ | - | - |
| കക്കൂസ് ആവസ്യമുള്ളവർ | 46 | 24 |
| നാളിതുവരെ ലഭിച്ചവർ | 13 | - |
| കറന്റ് ആവശ്യമുള്ളവർ | - | - |

ആശ്രയ മാർഗരേഖ പ്രകാരം ഭക്ഷണം ,വസ്ത്രം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചാലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ് . വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടി വരുന്നത്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട്. ഇതു കൊണ്ടു തന്നെ പ്രോജക്ട്

ആരംഭിച്ച് ആദ്യ വർഷത്തിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. ആശ്രയ ഫസ്റ്റ് പോജക്റ്റിൽപ്പെട്ടവർക്ക് പ്രത്യേക പ്രോജക്റ്റുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്. ഇതുകൊണ്ടു തന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻപ് തന്നെ അതിലും ഉയർന്ന ശേഷിയുള്ള മറ്റ് വിഭഗങ്ങളിലുള്ളവർക്ക് ധനസഹായം ലഭ്യമാവുന്നുണ്ട്. ഇതുകാരണം ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നുണ്ട്. ആശ്രയ സെക്കന്റ് പ്രോജക്റ്റിന് പഞ്ചായത്ത് ഭരണ സമിതി 22.02.2014 ൽ അംഗീകാരം നൽകിയതിൽ 6 പേർക്ക് വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവരായും, 23 പേർ വീട് ആവശ്യമുള്ളവരായും, 6 പേർ വീട് റിപ്പയർ ആവശ്യമുള്ളവരായും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ തൻവർഷം ഭവനനിർമ്മാണ, ഭവന പുനരുദ്ധാരണ പദ്ധതികളിൽ ഉൾപ്പെടുത്തി സഹായം നൽകിയിട്ടില്ല. ആയത് പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തനത്തിൽ വന്ന വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആശ്രയാ ഗുണഭോക്താക്കൾക്ക് അർഹമായ സഹായങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | ഇല്ല | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ ഉ 646/2010 തിയ്യതി 25.02,2010 | | 3914904.00 | 2686595 | ... | 1228309.00 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 581380.00 |
| ആകെ | 606380.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 606380.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആശുപത്രിയ്ക്ക് ഷെയർ നൽകിയത് | 25000.00 |
| സ്ഥിര നിക്ഷേപം കായക്കൊടി സർവീസ് സഹകരണ ബേങ്ക് | 581380.00 |
| ആകെ | 606380.00 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2760/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | | 2760 | പ്രിൻസിപ്പൽ,<br>സിറാജുൽഹുദ | 11502100631<br>തി. 13.07.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 4 | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | |
| 1999-00 | 33 | 2003-04 | 1 | പൊതു പരാമർശങ്ങൾ-തൊഴിൽ യൂണിറ്റുകൾ പരാജയം-പദ്ധതി പണം ദുർവിനിയോഗം | |

| | | | | | |
|---|---|---|---|---|---|
| | | | | ചെയ്തു.<br>ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | |
| 1999-00 | 35 | 2003-04 | 5 | മൈത്രി ഭവന പദ്ധതി -ഉത്തരവാദിത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | |
| 1999-00 | 20(1)(1) | -ടി- | 7 | നികുതി പിരിവിൽ അലംഭാവം-വൻ തുക കാലഹരണപ്പെട്ടു. | |
| 1998-99 | | 2003-04 | ഇല്ല | മറ്റ് പരാമർശങ്ങൾ-വീട് ഓട് മേയൽ പദ്ധതി വിഹിതമായി അധികം നൽകിയ തുക 73,800/- | |
| 2000-01 | 1 | 2004-05 | 2 | മറ്റ് പരാമർശങ്ങൾ-ബജറ്റ് പാസ്സാക്കുന്നില്ല.ഗ്രാമ പഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു<br>ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.ബജറ്റിന്റെ കോപ്പി,മിനട്സ് എന്നിവ ഹാജരാക്കിയില്ല | |
| | | 2004-05 | | നികുതി പിരിവിൽ അലംഭാവം-കുടിശ്ശിക പെരുകുന്നു. | |
| 1999-00 | | 2004-05 | | കെട്ടിട നികുതി | 396881 |
| | | 2004-05 | | തൊഴിൽ നികുതി | 119416 |
| 2000-01 | | 2004-05 | | കെട്ടിട നികുതി | 469054 |
| | | 2004-05 | | തൊഴിൽ നികുതി | 62976 |
| 1998-99 | 29 | 2004-05 | 5 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ -വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തത്-<br>മണ്ണ് സംരക്ഷണ പദ്ധതി | |
| 1999-00 | 34 | -ടി- | 5 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | |
| 2003-04 | 3(4) | 2006-07 | 3.79.5 | വാട്ടർ ചാർജ്ജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവയിനത്തിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്കു നൽകിയതിൽ അപാകത | |
| 2003-04 | 3(3) | 2006-07 | 3.79.19 | മരാമത്ത് പ്രവൃത്തികൾ- നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം<br>7770- അധികം നിരക്ക് നൽകി. | |
| 2003-04 | 3(5) | 2006-07 | 3.79.19 | നാവോട്ടുകുന്ന് ഹരിജൻ കോളനി റോഡ് സെഷനിംഗ് പ്രവൃത്തി 998 രൂപ മണ്ണ് നിറച്ച് സ്ഥലത്ത് സെഷനിംഗ് നടത്തിയതിന് തുക നൽകി. | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 29355851<br>41033786 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40256968 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 73177 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 325412 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 7557.50<br>26908<br>34465.50 | ശ്രീ.ജയകുമാർ.എ.ഇ<br>കാർത്തിക.പി .എ.ഇ<br>ഗോപിനാഥ്.എ.ഇ.ഇ |
| 3-8 | | 2123<br>2123 | കാർത്തിക.പി .എ.ഇ<br>ഗോപിനാഥ്.എ.ഇ.ഇ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 156420 | രചന.ആർ,വെറ്റിനറി സർജൻ |
| 3-3 | 19005 | ശ്രീ.പ്രഭാകരൻ,ഹെഡ്മാസ്റ്റർ |
| 3-4 | 99987 | ശ്രീ.പ്രഭാകരൻ,ഹെഡ്മാസ്റ്റർ |
| 3-10 | 50000 | ശ്രീ.പ്രഭാകരൻ,ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ജയകുമാർ,എ.ഇ | എ.ഇ,കോഴിക്കോട് കോർപ്പറേഷൻ | താഴത്ത് ചെപ്പള്ളിൽ ചക്കുവരക്കൽ പി.ഓ കുന്നിക്കോട് 691508 |
| കാർത്തിക | എ.ഇ. കായക്കൊടിഗ്രാമപഞ്ചായത്ത് | ആനോറമ്മൽ മൊകേരി .പി.ഒ കോഴിക്കോട് 673507 |
| ഗോപിനാഥ് | എ.ഇ.ഇ | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.പി.4/505/96 തി. 20-3-96 | 3 |
| 1983-84 | എൽ.എഫ്. പി.4/506/96 തി. 20-3-96 | 4 |
| 1984-85 | എൽ.എഫ്. പി.4/529/96/20-3-96 | 1 |
| 1990-91<br>19991-92 | LFKKD/P6/953/(3)/11 dt 22.07.11 | 1 |
| 1996-97 | LFKKD/P6/953/(5)/11 dt 22.07.11 | 6 |
| 1997-98 | എൽ.എഫ്. പി.4/114/00 തി. 10-4-00 | 10 |
| 1998-99 | എൽ.എഫ്. പി.4/895/02 തി. 23-1-03 | 30 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.4/562/03 തി. 21-7-03 | 19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി.3/290/06 തി.7-2-07 | 13 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി. പി.4/1350/03തി. 7-8-04 | 19 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി.4/1351 /03തി.13-5-04 | 08 |
| 2001-02 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി. പി3/291/06 തി. 2-1-07 | 06 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. എസ്.2/754 /05/തി.28-9-05 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്2/156/06 തി. 17-5-06 | 6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്.2/995/07/ 21-1-08 | 5 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി. എസ്.2/1669 /07/തി. 2-4-08 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി./എസ്.2/001/09/ തി. 4-5-09 | 34 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി.6/512/11/ തി. 28-4-12 | 13 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1160/12 dt 28.07.12 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്.4/262/11 തി.-30-11.11 | 16 |
| 2010-11 & 11-12 | എൽ.എഫ്.കെ.കെ.ഡി.പി6/737/13 തി. 16.07.13 | 16 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി6/1466/14 തി. 07.02.2015 | 11 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി<br>പി 6/1274/2016 25.07.2016 | 31 |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം - 1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/51/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി. 24.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P6 /51/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 24.01.2017

# Audit Certificate

Certified that I have audited the Annual Financial Statement of Kayakkodi Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kayakkodi Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department, District Audit Office, Kozhikode.